പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **3489** 12.05.2017-ൽ മറുപടിക്ക്

## മൃഗശാലകളുടെ വിവരങ്ങൾ

ചോദ്യം

ശ്രീമതി. പി.അയിഷാ പോറ്റി

മറുപടി

ശ്രീ. കെ.രാജു

( ബഹു.വനവും മൃഗസംരക്ഷണവും ക്ഷീരവികസനവും മൃഗശാലകളും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എത്ര മൃഗശാലകൾ പ്രവർത്തിക്കുന്നുണ്ട് ; ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് 2 മൃഗശാലകളാണ് പ്രവർത്തിക്കുന്നത്. തിരുവനന്തപുരം മൃഗശാല, തൃശ്ശൂർ മൃഗശാല. |
| (ബി) | മൃഗശാലകളിലെ പ്രതിമാസ സന്ദർശകരുടെ ശരാശരി എണ്ണവും ശരാശരി പ്രതിമാസ വരുമാനവും വെളിപ്പെടുത്തുമോ; | (ബി) | ശരാശരി സന്ദർശകരുടെ എണ്ണം : 2,29,185. തിരുവനന്തപുരം, തൃശ്ശൂർ മൃഗശാലകളിലെ ശരാശരി മാസവരുമാനം 36,36,908/- രൂപയാണ്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മൃഗശാലകളുടെ നവീകരണത്തിനു സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) | നവീകരണത്തിന്റെ ഭാഗമായി തൃശ്ശൂർ മൃഗശാല പുത്തൂർ എന്ന സ്ഥലത്ത് മാറ്റി സ്ഥാപിക്കുന്നതിന് വേണ്ട നടപടി വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ സ്വീകരിച്ചിട്ടുണ്ട്.<br>ഈ സർക്കാർ അധികാരമേറ്റ ശേഷം തിരുവനന്തപുരം മൃഗശാലയിലേക്ക് വണ്ടല്ലൂർ മൃഗശാലയിൽ നിന്നും രണ്ട് ജോഡി റെറ്റിക്കുലേറ്റഡ് പൈത്തൺ, 2 ജോഡി വെള്ള മയിലുകൾ, നാഗാലാന്റ് മൃഗശാലയിൽ നിന്നും ഒരു ജോഡി ഹിമാലയൻ കരടികൾ എന്നിവയെ കൊണ്ടു വന്നിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ജലപക്ഷികൾക്കുവേണ്ടിയുള്ള വിശാലമായ പരിബന്ധനം,നീർനായയുടെ പരിബന്ധനം എന്നിവയുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. കരടിക്കൂട്ടുകളുടെ നവീകരണം, അക്വേറിയത്തിന്റെ നവീകരണം, കാട്ടുപോത്തുകൾക്കു വേണ്ടിയുള്ള പരിബന്ധനത്തിന്റെ നിർമ്മാണം എന്നിവ ആരംഭിച്ചിട്ടുണ്ട്. സ്ത്രീ സൗഹാർദ്ദപരവും, വിശ്രമമുറിയും ചേർന്ന ടോയ്‌ലറ്റ് മദേഴ്സ് ഫീഡിംഗ് സെന്റർ, സന്ദർശകർക്കായി ഇന്റർപ്രിട്ടേഷൻ സെന്റർ എന്നിവയുടെ നിർമ്മാണ പ്രവർ ത്തനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. <br> തൃശ്ശൂർ മൃഗശാലയിൽ അക്വേറിയം നിർമ്മാണത്തിന് അനുമതി നല്കുകയും, ഒരു ജോഡി ഏഷ്യാറ്റിക്ക് സിംഹം, ഒരു ജോഡി കഴുതപ്പുലി എന്നിവയെ കൊണ്ടുവരുന്നതിന് കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ അംഗീകാരം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ